# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഫറോക്ക് നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14 /2287/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:21.11.2018

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ ( സെക്രട്ടറി മുഖേന )

ഫറോക്ക് നഗരസഭ

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4) ഉത്തര മേഖലാ നഗരകാര്യ ഡയറക്ടർ, കോഴിക്കോട് (ഉപരിപത്രം സഹിതം)

5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2287/2018 തിയ്യതി:21.11.2018

# കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 (4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.2017 മുതൽ 31.3.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി. ഉണ്ണികൃഷ്ണൻ,<br>ജോയന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.9.2018മുതൽ 27.9.2018വരെ<br>(22.9.2018 ഒഴികെ) |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ. സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഇ. വി. ഹരി, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പി. എ. വിനോദ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജയകുമാർ പാലോളി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ആർ. കെ. ദിശ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി. ടി. സുഹറാബി | 1.4.2017മുതൽ 15.8.2017വരെ |
| | | ശ്രീമതി. പി. റുബീന | 16.8.2017മുതൽ 31.3.2018വരെ |
| സെക്രട്ടറി | : | ശ്രീമതി. പി. ജെ. ജസിത | 1.4.2017മുതൽ 23.11.2017വരെ |
| | | ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ ( സെക്രട്ടറി ഇൻ ചാർജ്ജ് ) | 24.11.2017മുതൽ 31.3.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ: | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ. എം. ദിനേശ് കുമാർ | 1.4.2017മുതൽ 31.3.2018വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീമതി. എം. ശോഭന | 1.4.2017മുതൽ |

| | | | |
|---|---|---|---|
| ( ഡെപ്യൂട്ടി ഡയരക്ടർ, ക്ഷീര വികസന വകുപ്പ് ) | | | 31.3.2018വരെ |
| കൃഷി ഓഫീസർ | | ശ്രീ. നിശാന്ത് .കെ. രാമൻ | 1.4.2017മുതൽ 31.3.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. ടി. ഷൈമ | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | | ഡോ. ലാലു | 1.4.2017മുതൽ<br>31.3.2018വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | | ഡോ. എൻ. ഷെറീന | 1.4.2017മുതൽ<br>31.3.2018വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | | ഡോ. എ.കെ. അനുജ | 1.4.2017മുതൽ<br>31.3.2018വരെ |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | | ശ്രീമതി. എ. പി. ഷക്കീല | 1.4.2017മുതൽ<br>31.3.2018വരെ |
| വെറ്ററിനറി സർജ്ജൻ | | ഡോ. അബ്ദുൾ സലാം | 1.4.2017മുതൽ<br>31.3.2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| | ഭാഗം - 2 | |
| 13 | നികുതി പിരിവ്, രശീതി ബുക്കുകളുടെ ഉപയോഗം - അപാകതകൾ | 2-1 |
| 14 | വസ്തു നികുതി പരിഷ്കരണം നാളിതുവരെ നടപ്പിലാക്കിയില്ല. | 2-2 |
| 15 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 2-3 |
| 16 | ബസ്സ് സ്റ്റാന്റ് ലേലം, വാടക പിരിവ് - അപാകതകൾ | 2-4 |

| | | |
|---|---|---|
| 17 | മേലായ് വളപ്പ് - 2017-18 വർഷം തെങ്ങുകളുടെ മേലാദായം ലേലം നടത്തിയില്ല | 2-5 |
| 18 | പേട്ട മത്സ്യമാർക്കറ്റ് - കുടിശ്ശിക ഈടാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും നടപടികൾ ആവശ്യം | 2-6 |
| | ഭാഗം - 3 | |
| 19 | വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല. | 3-1 |
| 20 | പൊതുമരാമത്ത് പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 3-2 |
| 21 | സ്പിൽ ഓവർ പദ്ധതികൾ തൻ വർഷം പൂർത്തിയാക്കുന്നില്ല | 3-3 |
| 22 | മാലിന്യം നീക്കംചെയ്യൽ - വാഹനം വാങ്ങൽ അപാകതകൾ. | 3-4 |
| 23 | പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് ആന്റ് ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കൽ - തുക നൽകിയതിന്റെ വിശദാംശങ്ങൾ ഇല്ല | 3-5 |
| 24 | സ്ട്രീറ്റ് ലൈറ്റ് - വൈദ്യുതി ചാർജ്ജ് അടക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ച് കെ.എസ്.ഇ.ബിയിൽ അഡ്വാൻസായി തുക അടവാക്കി | 3-6 |
| 25 | മാലിന്യ സംസ്കരണ യൂണിറ്റ് തുടർ പരിപാലനം – ജീവനക്കാരന് വേതനം നൽകുന്നതിനായി പ്രോജക്ട് നടപ്പാക്കി | 3-7 |
| 26 | താൽക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-8 |

| | | |
|---|---|---|
| | | |
| 27 | പങ്കാളിത്ത പെൻഷൻ പദ്ധതി - ജീവനക്കാരുടെ വിഹിതം ഈടാക്കി തുടങ്ങിയിട്ടില്ല. | 3-9 |
| 28 | അക്ഷര മധുരം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | 3-10 |
| 29 | പച്ചക്കറി ഗ്രോബാഗ് വിതരണം - അപാകതകൾ | 3-11 |
| | ഭാഗം - 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 40 | അനുബന്ധം - 1 | |
| 41 | അനുബന്ധം - 2 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.3.2017 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.3.2018 തീയതിയിലെ 2 ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 20.7.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.9.2018മുതൽ 5.9.2018വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111 /2018 ( 85 ) തീയതി. 11.9.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,03,39,648 |

| | |
|---|---|
| വരവ് | 15,35,24,369 |
| ആകെ | 17,38,64,017 |
| ചെലവ് | 15,22,95,798 |
| നീക്കിയിരിപ്പ് | 2,15,68,219 |

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 30369000 | 30369000 | 23854080 | 6514920 |
| വികസനഫണ്ട് എസ്.സി.പി. | - | 10360000 | 10360000 | 8358608 | 2001392 |
| വികസനഫണ്ട് ടി.എസ്.പി. | - | 3000 | 3000 | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 5982662 | 5982662 | 5959460 | 23202 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4980285 | 4980285 | 4154154 | 826131 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 13678276 | 13678276 | 7444019 | 6234257 |
| കെ.എൽ.ജി.എസി. ജി.ഡി.പി | - | - | - | - | - |
| സാക്ഷരത | - | - | - | - | - |
| ദുതിതാശ്വാസ നിധി | | | | | |
| കേന്ദ്രാവിഷ്കൃതം - എൻ. യു. എൽ. എം. | - | 4451836 | 4451836 | 4451836 | - |

| | | | | | |
|---|---|---|---|---|---|
| ബി. ഫണ്ട് | - | 80437600 | 80437600 | 80437600 | - |
| അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി – തൊഴിലാളികളുടെ കൂലി | | 3783500 | 3783500 | - | - |
| അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 74000 | 74000 | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 18303000 | 18303000 | - | - |
| തനത് ഫണ്ട് - ബാങ്ക് അക്കൗണ്ട് | 5296515 | 53155390 | | 20808187 | 5751564 |
| തനത് ഫണ്ട് - ട്രഷറി അക്കൗണ്ട് | 10430171 | - | | | -1540832 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 123794577 | 262 | 67041051 | 17 | 8 | 91 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | - | 74000 | 74000 | - | 74000 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3857500 | 3857500 | - | 3857500 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 32400 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 3119000 | 285 |
| വിധവാ പെൻഷൻ | 21774400 | 1843 |
| വാർദ്ധക്യകാല പെൻഷൻ | 48175800 | 3639 |
| വികലാംഗ പെൻഷൻ | 5707100 | 484 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1268900 | 147 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.9.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് 220485/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ അപാകതകൾ താഴെ പരാമർശിക്കുന്നു.

1. രശീതി ബുക്കുകൾ കൈപ്പറ്റുന്നവർ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റ് രേഖപ്പെടുത്തി ഒപ്പ

വെക്കുന്നില്ല.

2. സ്റ്റോക്ക് രജിസ്റ്ററിൽ മുൻബാക്കി, വരവ്, ഇഷ്യൂ, നീക്കിയിരിപ്പ് എന്നീ ക്രമത്തിൽ രേഖപ്പെടുത്തൽ നടത്തുന്നില്ല. ഇക്കാരണത്താൽ രശീതി ബുക്കുകളുടെ നീക്കിയിരിപ്പ് , എണ്ണം എന്നിവ അറിയാൻ കഴിയുന്നില്ല.

3. സാംഖ്യ രശീതികൾ യഥാവിധി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തുന്നില്ല. രശീതികൾ കൈപ്പറ്റുന്നവർ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റ് രേഖപ്പെടുത്തി ഒപ്പ് വെക്കുന്നില്ല.

4. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഔട്ട് ഡോർ കളക്ഷന്റെ കൂടി ചുമതലയുള്ള ബിൽ കളക്ടർമാർ സെപ്റ്റംബർ, മാർച്ച് മാസങ്ങൾ ഒഴികെ ഔട്ട് ഡോർ കളക്ഷൻ നടത്തുന്നില്ല.

6. കൗണ്ടർ കളക്ഷൻ ഡ്യൂട്ടിക്ക് ഓഫീസ് അറ്റന്റന്റിനെ നിയോഗിക്കുന്നു.

7. ഓഫീസ് പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കേണ്ട റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നീ തസ്തികകൾക്ക് ചുമതലകളൊന്നും നൽകിയിട്ടില്ല. റവന്യൂ, പിരിവ് എന്നിവയുടെ കാര്യത്തിൽ യാതൊരു മേൽനോട്ടവുമില്ല.

8. ഔട്ട് ഡോർ കളക്ഷന്റെ കാര്യത്തിൽ ഓരോ ദിവസത്തെയും പിരിവ് തുക ഓഫീസ് ജീവനക്കാർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭയായതിനു ശേഷം ഓഡിറ്റ് നടത്തിയിട്ടില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.6.2017 | 2012-13 മുതൽ 2016-17 വരെ | 15.6.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഈ ഓഫീസിലെ 11.9.2018 ലെ കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/2018(85)

നമ്പറായി നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക കണക്ക് സാക്ഷ്യപത്രം പുറപ്പെടുവിച്ചിരുന്നു. ആയതിൽ പരാമർശിച്ച അപാകതകളിൽ പരിഹരിക്കാതെ തുടരുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2017-18 വർഷം ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള അഡ്വാൻസ് തുക 45,46,798 രൂപയും വാർഷിക കണക്കുപ്രകാരമുള്ള അഡ്വാൻസ് തുക 45,97,798 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ വികസനഫണ്ട് – പ്രത്യേക മൂലധനഗ്രാന്റ് - എന്നയിനത്തിൽ 22,24,962 രൂപ കാണുന്നു. ഈ തുക ഏതിനത്തിൽ, ആരിൽ നിന്നും ലഭിച്ചു എന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല.
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-13 പ്രകാരം ഇൻവെസ്റ്റ് മെന്റ്-അദർഫണ്ട്സ് സെൻട്രൽ ഗവൺമെന്റ് സെക്യൂരിറ്റീസ് – സ്പെഷ്യൽ ഫണ്ട് ഇനത്തിലുള്ള 10,56,300 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല .
4. വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. റെന്റ് റസീവബിൾ ഫ്രം സിവിക്ക് അമിനിറ്റീസ് (അരിയർ) ഇനത്തിലുള്ള വരവ് തുക വാർഷികകണക്ക് പ്രകാരം 1,02,755 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈ ഇനത്തിലുള്ള വരവ് 86,737 രൂപയാണ്. ഇവതമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
6. പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന തുകകളിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.
7. എ.സി.ആർ പ്രകാരം തൻവർഷം വരവ് വന്ന ഗ്രാന്റ് തുകകളും വാർഷിക കണക്ക് - രസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ഗ്രാന്റ് വരവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | എ.സി.ആർ പ്രകാരം വരവ് | വാർഷികകണക്ക് പ്രകാരം വരവ് |
|---|---|---|
| വികസനഫണ്ട് (സാധാരണ വിഹിതം) | 2,38,54,080 | 2,32,06,934 |

| | | |
|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 74,44,019 | 73,83,051 |
| എസ്.സി.പി | 83,58,608 | 81,59,087 |
| മെയിന്റനെൻസ് ഗ്രാന്റ് (റോഡ്) | 59,59,640 | 58,84,935 |

7. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി- 9 - മറ്റ് ബാധ്യതകളിൽ സ്റ്റേൽചെക്ക് ബാധ്യത ഇനത്തിൽ 2,33,464 രൂപ കാണുന്നു . ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമല്ല.
8. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല .
9. താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകൾ ഒന്നും നടക്കുന്നില്ല.

| ക്രമ നം | ബാങ്ക് | എക്കൗണ്ട് നം, വിവരം | 31-3-18ലെ നീക്കിയിരിപ്പ് . |
|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് | മണൽ അക്കൗണ്ട് | 4,40,134 |
| 2 | സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ ( ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) | 67195554210 വാറ്റ് അക്കൗണ്ട് | 23,471 |
| 3 | ഫറോക്ക് സർവ്വീസ് സഹകരണ ബാങ്ക് | 430350003378 സാക്ഷരത | 4,352 |

മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക ഇടപാടുകൾ നടക്കുന്ന ഒരു അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

10. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം നൽകിയ മൊബിലൈസേഷൻ അഡ്വാൻസ്, മറ്റ് അഡ്വാൻസുകൾ എന്നീ ഇനങ്ങളിലുള്ള തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി പിരിവ്, രശീതി ബുക്കുകളുടെ ഉപയോഗം - അപാകതകൾ

നഗരസഭയുടെ 2017-18 വർഷത്തെ രശീതി സ്റ്റോക്ക് രജിസ്റ്റർ, രശീതി ബുക്കുകൾ, ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

2. രശീതി ബുക്കുകൾ കൈപ്പറ്റുന്നവർ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റു രേഖപ്പെടുത്തി ഒപ്പു വെക്കുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ മുൻബാക്കി, വരവ്, ഇഷ്യു, നീക്കിയിരിപ്പ് എന്നീ ക്രമത്തിൽ

രേഖപ്പെടുത്തൽ നടത്തുന്നില്ല. ഇക്കാരണത്താൽ രശീതി ബുക്കുകളുടെ നീക്കിയിരിപ്പ് , എണ്ണം എന്നിവ അറിയാൻ കഴിയുന്നില്ല.

4. സാംഖ്യ രശീതികൾ യഥാവിധി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ആയവയുടെ സാധുത പരിശോധിക്കാൻ സാധിക്കുന്നില്ല. സാംഖ്യ രശീതികൾ കൈപ്പറ്റുന്നവർ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റു രേഖപ്പെടുത്തി ഒപ്പു വെക്കുന്നില്ല.

5. രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. 2017-18 വർഷത്തെ വിവിധ തീയതികളിലെ ഓഫീസ് ഉത്തരവുകൾ പ്രകാരം ഔട്ട് ഡോർ കളക്ഷന്റെ കൂടി ചുമതലയുള്ള ബിൽ കളക്ടർമാർ സെപ്റ്റംബർ , മാർച്ച് മാസങ്ങൾ ഒഴികെ ഔട്ട് ഡോർ കളക്ഷൻ നടത്തുന്നില്ല. ഇക്കാരണത്താൽ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല.

7. കൗണ്ടർ കളക്ഷൻ ഡ്യൂട്ടിക്ക് ഓഫീസ് അറ്റന്റന്റിനെ നിയോഗിക്കുന്നു. ഇത്

നടപടിക്രമങ്ങളിലെ നീഴ്ചയാണ്.

8. 27.10.2017, 29.11.2017, 8.3.2018 എന്നീ തീയതികളിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം ക്ളർക്കുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഓഫീസ് പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കേണ്ട റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നീ തസ്തികകൾക്ക് ചുമതലകളൊന്നും നൽകിയിട്ടില്ല. ഇക്കാരണത്താൽ റവന്യൂ, പിരിവ് എന്നിവയുടെ കാര്യത്തിൽ യാതൊരു മേൽനോട്ടവുമില്ലാത്ത അവസ്ഥയാണ്. മേൽനോട്ടത്തിന്റെ അഭാവം ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

9. ഔട്ട് ഡോർ കളക്ഷന്റെ കാര്യത്തിൽ ഓരോ ദിവസത്തെയും പിരിവ് തുക ഓഫീസ് ജീവനക്കാർ ( യു. ഡി.ക്ലർക്ക് / റവന്യൂ ഇൻസ്പക്ടർ / സൂപ്രണ്ട് ) പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷമാണ് മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണം നാളിതുവരെ നടപ്പിലാക്കിയില്ല.

14.01.2011ലെ സ.ഉ (അ) നം.18/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ (എം.എസ്) നം.371/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക് ) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്.

ഫറോക്ക് ഗ്രാമ പഞ്ചായത്ത് നഗരസഭയായി മാറിയതിനുശേഷം നഗരസഭാ കൗൺസിൽ 8-1-2016 ലെ 7(1) നമ്പർ തീരുമാനപ്രകാരം നഗരസഭയ്ക്ക് ബാധകമായ പതുക്കിയ വസ്തു നികുതി നിരക്കുകൾ അംഗീകരിച്ചെങ്കിലും 2017-18 കാലയളവു വരെയും ഇത് സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മേൽ തീരുമാനപ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ നഗരസഭാപരിധിയിലെ കെട്ടിടങ്ങളിൽ നിന്ന് ഈടാക്കി വരുന്നുമുണ്ട്. എന്നാൽ നാളിതുവരെയായും വസ്തു നികുതി പരിഷ്കരിച്ചത് സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ആയത് ബന്ധപ്പെട്ട ധനകാര്യസ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുമുണ്ടായ പോരായ്മയും കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ സെക്രട്ടറിക്കുണ്ടായ ഗുരുതരമായ വീഴ്ചയുമാണ്. കൗൺസിൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അവ പ്രാബല്യത്തിൽ വരുന്ന തീയ്യതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്ല്യമുണ്ടായിരിക്കുന്നതും അടുത്ത ഓരോ അഞ്ച് വർഷക്കാലയളവിലേക്കും പ്രബല്യത്തിലുണ്ടായിരിക്കേണ്ട നിരക്കുകൾ

നിലവിലുള്ള നിരക്കുകളുടെ 25 ശതമാനം എന്ന തോതിൽ വർദ്ധനവ് വരുത്തി 233-ാം വകുപ്പ് (4) ാം ഉപവകുപ്പ് പ്രകാരം യഥാസമയം പുതുക്കി നിശ്ചയിക്കേണ്ടതും അവ (4)ാം ഉപ ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. മുൻപ് ഗ്രാമ പഞ്ചായത്തായിരുന്നപ്പോൾ ഉണ്ടായിരുന്ന നികുതി നിരക്കുകൾ മുനിസിപ്പൽ കൗൺസിലിനു ബാധകമായ നിരക്കുകൾക്ക് മുകളിലായിരുന്നതിനാൽ ചട്ടപ്രകാരം ഈടാക്കോണ്ടിയിരുന്ന നികുതി നിരക്കിലെ വ്യത്യാസം വഴിയുള്ള നികുതി നഷ്ടം ഉണ്ടാകുന്നില്ല എങ്കിലും ഓരോ അഞ്ച് വർഷത്തിലും നികുതി നിരക്കിൽ വരുത്താവുന്ന നിയമാനുസൃത വർദ്ധനവ് വഴി നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന വരുമാന വർദ്ധനവിൽ നഷ്ടം ഉണ്ടാക്കുന്നു.

8-1-16 ലെ കൗൺസിൽ തീരുമാനത്തിൽ നഗരസഭക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അംഗീകരിച്ചെങ്കിലും കരട് വിജ്ഞാപനം പുറപ്പെടുവിക്കൽ, പൊതുജനങ്ങളിൽ നിന്നുള്ള ആക്ഷേപങ്ങൾ സ്വീകരിക്കൽ, അന്തിമവിജ്ഞാപനം പുറപ്പെടുവിക്കൽ എന്നിവ നടത്തിയിട്ടില്ല. വസ്തുനികുതി അന്തിമമാക്കുന്നത് സംബന്ധിച്ച തുടർ നടപടികളോ ചർച്ചകളോ ഒന്നും തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലോ കൗൺസിലിലോ ഉണ്ടായിട്ടില്ല . 30-7-2018 ലെ കൗൺസിലിന്റെ 6(2), (3) തീരുമാനത്തിൽ മുൻ തീരുമാനത്തിൽ നിന്നും ഗാർഹികാവശ്യങ്ങൾക്കുള്ള വസ്തു നികുതി നിരക്ക് 9/- രൂപ ആക്കി മാറ്റി മുനിസിപ്പൽ വാർഡുകളുടെ അടിസ്ഥാനത്തിൽ മേഖലകൾ തിരിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്ത് വരുന്നുണ്ട് എങ്കിലും മേൽ നിരക്കുകളുടെ പ്രാബല്ല്യം എന്നുമുതൽക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയായി മാറി രണ്ട് വർഷവും ഏഴ് മാസവും കഴിഞ്ഞിട്ടും വസ്തു നികുതി പരിഷ്കരണം പൂർത്തിയാകാത്തത് മേൽകാലയളവിൽ വസ്തു നികുതിയുടെ ചുമതലയുണ്ടായിരുന്ന സെക്ഷൻക്ലാർക്ക്, ആർ. ഐ, സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ വീഴ്ചകുടിയാണെന്ന് കാണുന്നു. വസ്തു നികുതി പരിഷ്കരണം എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതാണ്.

<u>രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചിട്ടില്ല</u>

ഫറോക്ക് നഗരസഭ മുൻമ്പ് ഗ്രാമപഞ്ചായത്തായിരുന്നപ്പോൾ ഉണ്ടായിരുന്ന 15 വാർഡുകൾ 2013 ലെ വാർഡ് വിഭജനത്തെ തുടർന്ന് 23 ആകുകയും പിന്നീട് മുനിസിപ്പാലിറ്റിയായി മാറിയപ്പോൾ ഡിവിഷനുകളുടെ എണ്ണം 38 ആയി വർദ്ധിക്കുകയും ചെയ്തു. 2013 ലെ ഗ്രാമപഞ്ചായത്തായിരുന്ന കാലത്തെ വസ്തു നികുതി പരിഷ്കരണവും അതിന്റെ അടിസ്ഥാനത്തിലുള്ള ഡാറ്റാബേസ് തയ്യാറാക്കലും നടന്നെങ്കിലും മേൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. നഗരസഭയിൽ ഇപ്പോൾ ലഭ്യമായിട്ടുള്ളത് 2013-14 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ വസ്തു നികുതി രജിസ്റ്റർ മാത്രമാണ്. വസ്തു നികുതി പരിഷ്കരണം നടപടികളുടെ പുരോഗതി സംബന്ധിച്ച് പഴയകെട്ടിടങ്ങൾ സംബന്ധിച്ച വസ്തു നികുതി രജിസ്റ്ററോ അരിയർ ഡിമാന്റ് രജിസ്റ്ററോ നഗരസഭയിൽ ലഭ്യമല്ല. നിലവിൽ സഞ്ചയ

സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നഗരസഭയിലെ വസ്തു നികുതി സംബന്ധമായ പ്രവർത്തനങ്ങൾ നടക്കുന്നതെന്നാണ് 20-4-2018 ലെ ബി-16234/17 കത്തിൽ സെക്രട്ടറി നഗരകാര്യവകുപ്പ് റീജിണൽ ജോയിന്റ് ഡയറക്ടറെ അറിയിച്ചിരിക്കുന്നത്.

വർഷങ്ങളായി വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം ചൂണ്ടികാണിക്കപ്പെട്ടിട്ടും അപാകത പരിഹരിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിന് ശ്രമിച്ചിട്ടില്ല. മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ യഥാർത്ഥ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. 2017-18 വാർഷിക കണക്ക് പ്രകാരം തൻവർഷ വസ്തുനികുതിയിനത്തിൽ 1204034 രൂപയും കുടിശ്ശിക ഇനത്തിൽ 597990.75 രൂപയും പിരിച്ചെടുക്കാനുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത കണക്കുകൾക്കാധാരമായ വസ്തു നികുതി ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി ഇളവുകളെ സംബന്ധിച്ച വേക്കൻസി റെമിഷൻ, റൈറ്റ് ഓഫ് രജിസ്റ്റർ, എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷത്തെ വസ്തുനികുതി ഡിമാന്റ് നിർണ്ണയിച്ചത് എപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വേക്കൻസി റെമിഷൻ രജിസ്റ്റർ, വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ, നികുതി ഒഴിവാക്കിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തായിരുന്ന സമയത്ത് സഞ്ചയ ഡാറ്റാബേസിലേക്ക് രേഖപ്പെടുത്തിയ നികുതിദായകരുടെ വിശദാംശങ്ങൾ അടിസ്ഥാനമാക്കിയാണ് നഗരസഭയുടെ സഞ്ചയ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിന് ബാധകമായ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകളുടെ തരം എന്നിവ നഗരസഭക്ക് ബാധകമായ നിരക്കിലേക്ക് മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും നഗരസഭാ വാർഡുകൾക്ക് അനുസൃതമായി കെട്ടിട നമ്പറുകളിൽ മാറ്റം വരുത്തുകയോ 38 ഡിവിഷനുകളുടെ അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. . പുതിയ കെട്ടിട നമ്പർ നൽകുന്ന നടപടികൾ നിലവിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെയായും പൂർത്തിയായിട്ടില്ല.

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും യഥാർത്ഥ താമസത്തിനു ഉപയോഗിക്കുന്നതുമായ ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ സ.ഉ.(എം.എസ്) നം-242/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ ക്രമ നം-7 ൽ ഇപ്രകാരമുള്ള ഇളവുകൾക്കുള്ള അപേക്ഷകൾ ഏപ്രിൽ 10 ന് മുമ്പായി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ക്രമ നം- 6 ൽ നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ്

സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ 2017-18ൽ അനുവദിച്ച അപേക്ഷകളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചിട്ടില്ല.

സ ഉ (എം എസ്) നം. 144/15/ ത.സ്വ.ഭ.വ തിയ്യതി 27/04/2015 പ്രകാരം, 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ 660 ച.അടി യിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും 16/12/2015 തീയതിയിലെ സ. ഉ (എം. എസ്) നം. 358/15/ ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിക്കുന്ന അനുബന്ധം (2) പ്രകാരമുള്ള സത്യവാങ്മൂലം സമർപ്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയറുകളുടെ സംയോജനം നടത്തിയിട്ടില്ല. ഇത് കാരണം സാംഖ്യയിൽ മാന്വലായി വിവരങ്ങൾ രേഖപ്പെടുത്തിയാണ് കെട്ടിട നികുതി സ്വീകരിക്കുന്നത്.

വസ്തു നികുതി നിർണ്ണയം, വസ്തുനികുതി പിരിവ്, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, സഞ്ചയ സോഫ്റ്റ് വെയറിന്റെ കൃത്യത എന്നിവ സംബന്ധിച്ച മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

2017-18 വർഷം നഗരസഭയിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും നിശ്ചയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഇൻസ്റ്റിസ്റ്റ്യൂഷൻ രജിസ്റ്റർ, വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, റിട്ടേണുകൾ, ഡി. ആന്റ് . ഒ ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ ഹാജരാക്കാൻ നഗരസഭയോട് രേഖാമൂലം ആവശ്യപ്പെട്ടു. എന്നാൽ ഇൻസ്റ്റിസ്റ്റ്യൂഷൻ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമായ മറ്റു രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഡിമാന്റ് രജിസ്റ്ററുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വോള്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2. ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല. പകരം ഓരോ ദിവസത്തെയും കളക്ഷൻ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. ഡിമാന്റ് രജിസ്റ്ററുകളിൽ തൊഴിൽ നികുതി പിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിരിച്ച തുക സംബന്ധിച്ചുള്ള രശീതി നമ്പർ, തീയതി എന്നിവ

രേഖപ്പെടുത്താത്തതിനാൽ പിരിച്ച തുകയുടെ ആധികാരികത ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല.

4. റവന്യൂ വാർഡ് ക്രമത്തിലല്ല ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നത് എന്നതിനാൽ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തുവാനോ പരിശോധിക്കുവാനോ സാധിക്കുന്നില്ല.

5. തൊഴിൽ നികുതി അടക്കേണ്ടവരുടെ ആധികാരികമായ ലിസ്റ്റ് നഗരസഭയിൽ ഇല്ല. ടാർജറ്റ് നിശ്ചയിച്ച് കളക്ഷൻ പുരോഗതി വിലയിരുത്തുവാനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനവും നഗരസഭയിൽ ഇല്ല.

റവന്യൂ വാർഡ് ക്രമത്തിൽ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തത് കാരണം തൊഴിലുടമ നൽകുന്ന സ്റ്റേറ്റ്മെന്റ്, ഡി. ആന്റ് . ഒ ലൈസൻസ് ഫീസ് രജിസ്റ്റർ എന്നിവ അടിസ്ഥാനമാക്കി തൊഴിൽ നികുതി ലഭിച്ചോ എന്ന് പരിശോധിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. തൊഴിൽ നികുതി പിരിവിന്റെ മേൽനോട്ടം, അവലോകനം എന്നിവയ്ക്ക് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. 2017-18 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ തൊഴിൽ നികുതി പിരിവിലെ അപാകതകൾ പരിഹരിക്കുന്നതിന് ഉതകുന്ന തീരുമാനങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മിറ്റി എടുത്തതായി കാണുന്നില്ല. വസ്തുനികുതി, തൊഴിൽ നികുതി എന്നിവ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ജോയന്റ് ഇൻസ്പെക്ഷൻ നടത്താൻ കൗൺസിലിലേക്ക് ശുപാർശ ചെയ്തു എന്നത് മാത്രമാണ് ഈ വിഷയത്തിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഇൻസ്റ്റിസ്റ്റ്യൂഷൻ രജിസ്റ്റർ, വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ യഥാവിധി എഴുതി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ ആവശ്യമായ ജീവനക്കാരെ ആയതിനായി പ്രത്യേകം ചുമതലപ്പെടുത്തേണ്ടതുമാണ്.

## 2-4 ബസ്സ് സ്റ്റാന്റ് ലേലം, വാടക പിരിവ് - അപാകതകൾ

നഗരസഭയുടെ 2017-18 വർഷത്തെ വാടക രജിസ്റ്ററുകൾ, ബസ് സ്റ്റാന്റ് ഫീ കളക്ഷൻ രജിസ്റ്റർ, എഗ്രിമെന്റുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2017-18 വർഷം വാടക കരാർ പുതുക്കിയ ശ്രീമതി. സു ആദ

( 7/494–എഫ് 3 ) വാടക കുടിശ്ശികയിനത്തിൽ 3,152/- രൂപ അടവാക്കാനുണ്ട്. ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ബസ്സ് സ്റ്റാൻഡിന്റെ സ്റ്റാൻഡ് ഫീ പിരിക്കാൻ ദിവസ വേതനാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയ വ്യക്തിയുമായി നഗരസഭ കരാർ ചമച്ചിട്ടില്ല.

3. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 25.9.2012 ലെ 9(13) നമ്പർ തീരുമാന പ്രകാരം ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 2ാം നിലയിലെ 6/684 എ (പുതുക്കിയത് - 4/557 എ) നമ്പർ മുറി ഫറോക്ക് പ്രസ്സ് ക്ലബ്ബിന് അനുവദിക്കുകയും ഭരണസമിതി തീരുമാനപ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നിശ്ചയിച്ച് തരുന്ന വാടക ബാധകമായിരിക്കുമെന്ന വ്യവസ്ഥയിൽ 11 മാസക്കാലത്തേക്ക് 22.1.2013 ന് പ്രസ്സ് ക്ലബ്ബ് സെക്രട്ടറിയുമായി ഗ്രാമ പഞ്ചായത്ത് കരാർ ചമച്ചു. മുൻകൂർ വാടകയായി 3 മാസ കാലത്തേക്ക് പ്രതിമാസം 1315/- രൂപ നിരക്കിൽ 3945/- രൂപ 6.2.2013 ന് അടയ്ക്കുകയും ചെയ്തു. എന്നാൽ ടി കാലയളവിനു ശേഷം പ്രസ്സ് ക്ലബ്ബ് നാളിതു വരെ വാടക കരാർ ഉണ്ടാക്കുകയോ വാടക അടയ്ക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിവിവരം അറിയിക്കേണ്ടതാണ്.

## 2-5 മേലായ് വളപ്പ് - 2017-18 വർഷം തെങ്ങുകളുടെ മേലാദായം ലേലം നടത്തിയില്ല

നഗരസഭയുടെ കൈവശമുള്ള മേലായ് വളപ്പ് എന്ന സ്ഥലത്തെ തെങ്ങുകളിലെ മേലാദായം 2017-18 വർഷം ലേലം നടത്തിയതായി കാണുന്നില്ല. എ1/5758/18 നമ്പർ ഫയൽ പരിശോധിച്ചതിൽ 2018-19 വർഷം ടി സ്ഥലത്തുള്ള 60 ഓളം തെങ്ങുകളിലെ മേലാദായം ലേലം നടത്തി ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ ശ്രീ. ചേക്കുട്ടി എന്നയാൾക്ക് 13,400/- രൂപയ്ക്ക് അനുവദിച്ച് നൽകിയതായി കാണുന്നു. 2017-18 വർഷം നാളികേരത്തിന് കൂടുതൽ വിലയുണ്ടായിരുന്നു. പ്രസ്തുത വർഷം ഇതേ സ്ഥലം ലേലം നടത്തിയിരുന്നെങ്കിൽ കുറഞ്ഞത് 2018-19 വർഷം ലഭിച്ച 13,400/- രൂപയിൽ കൂടുതൽ ലഭിക്കുമായിരുന്നു. ലേലനടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-6 പേട്ട മത്സ്യമാർക്കറ്റ് - കുടിശ്ശിക ഈടാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും നടപടികൾ ആവശ്യം

നഗരസഭയിലെ എ1/13173/17 നമ്പർ ഫയൽ പരിശോധിച്ചതിൽ പേട്ട മത്സ്യമാർക്കറ്റിന്റെ 2017-18 വർഷത്തെ നടത്തിപ്പ് അവകാശം നഗരസഭാ കൗൺസിലിന്റെ 30-3-17ലെ 2(5) നമ്പർ തീരുമാനപ്രകാരം ശ്രീ.പി.എം. ഹംസ, തയ്യിൽതൊടി എന്നയാൾക്ക് 25,800 രൂപക്ക് അനുവദിച്ച് നൽകിയതായി കാണുന്നു. ടിയാൻ 8,600/- രൂപ 17.10.2017 ന് നഗരസഭയിൽ അടച്ചു. ബാക്കിയുള്ള തുക,

സേവനനികുതി 3,870/- രൂപ, പിഴ 697/- രൂപ ഉൾപ്പെടെ ആകെ 21,767/- രൂപ 2017 ഡിസംബർ 31 നകം തുല്യ ഗഡുക്കളായി അടയ്ക്കാൻ 28-10-17ൽ നഗരസഭ ടിയാനോട് ആവശ്യപ്പെട്ടു. എന്നാൽ ടിയാൻ നാളിതുവരെ പ്രസ്തുത തുക നഗരസഭയിൽ അടയ്ക്കുകയോ നഗരസഭയുമായി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. റവന്യ ഇൻസ്‌പെക്ടർ നടത്തിയ സ്ഥലപരിശോധനയിൽ പേട്ട മത്സ്യമാർക്കറ്റിൽ അഴുക്കുവെള്ളം ഒഴുകിപ്പോകാൻ സൗകര്യമില്ല എന്നും അതിനോടനുബന്ധിച്ച് ടോയ്‌ലറ്റുകൾ മൂന്നെണ്ണമുണ്ടെങ്കിലും വാതിലുകൾ നഷ്ടപ്പെട്ട് ആയവ ഉപയോഗ ശൂന്യമായ നിലയിലാണ് ഉള്ളത് എന്നും ബോധ്യപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാർക്കറ്റ് ഉപയോഗ ശൂന്യമായതിനാലാണ് കരാർ എടുത്ത ശ്രീ. ഹംസ വാടക അടക്കാത്തത് എന്ന് അറിയിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശോചനീയമായ അവസ്ഥയിലായ മാർക്കറ്റിന്റെ പുറത്ത് വെച്ചാണ് ഇപ്പോൾ മത്സ്യക്കച്ചവടം നടത്തുന്നത് എന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളായ വേസ്റ്റ് വാട്ടർ ഡിസ്‌പോസൽ, കറന്റ് കണക്ഷൻ, വാട്ടർ കണക്ഷൻ, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഒരുക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട് എന്നും മാർക്കറ്റിൽ സ്ഥല പരിശോധന നടത്തിയ റവന്യ ഇൻസ്‌പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽവസ്തുതകൾ പരിഗണിച്ച് വാടകകുടിശ്ശിക ഈടാക്കി നഗരസഭാ ഫണ്ടിലേയ്ക്ക് അടയ്ക്കാൻ കാലതാമസം ഉണ്ടായ സാഹചര്യവും മത്സ്യമാർക്കറ്റിന്റെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കൻ സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010/ ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/ സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ / സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട

ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ / സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുക നല്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഇത്തരം ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രൊക്യൂർമെന്റ് ടീമായോ പ്രവർത്തിച്ചിട്ടില്ല. തൻവർഷം പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ / ക്വട്ടേഷൻ / നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയായിരുന്നു . ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം നടപടികൾ പാലിക്കാതെ വാങ്ങലുകൾ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി നടത്തിയിട്ടുണ്ട്.തൻ വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകളിൽ തന്നെ വിവിധ പ്രോജക്ടുകളിലായി ഒരേതരം പർച്ചേസുകൾ നടത്തിയിട്ടുണ്ട് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ സാധനം | ചെലവ് തുക/ബിൽ നം | സ്ഥാപനം |
|---|---|---|---|---|---|
| 265/18 | സെക്രട്ടറി | നഗരസഭ കോൺഫറൻസ് ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | ടേബിൾ | 73431/- 64/5-3-18 | ഫിഡ്കോ |
| 284/18 | | ഓഫീസിലേ ക്കാവശ്യമായ ഫർണ്ണിച്ചറും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | കമ്പ്യൂട്ടർ പ്രിന്റർ സ്കാനർ സ്റ്റീൽ അലമാര | 393100/- 75/23-3-18 104850/- 84/26-3-18 | CITE-N |
| 258/18 | | വയോമിത്രം ഓഫീസിലേക്ക് ഫർണ്ണിച്ചർ | കമ്പ്യൂട്ടർ റഫ്റിജറേറ്റർ | 84342 61/28-2-18 | ഫിഡ്കോ |

| | | | | | |
|---|---|---|---|---|---|
| | | വാങ്ങൽ | പ്രിന്റർ<br>സ്റ്റീൽ ടേബിൾ<br>സ്റ്റീൽ അലമാര<br>റിവോൾവിംഗ് ചെയർ | | |
| 263/18 | | മുനിസിപ്പാലിറ്റിക്കാവശ്യമായ<br>കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ നെറ്റ് വർക്ക് ബോക്സ് എന്നിവ വാങ്ങൽ | കമ്പ്യൂട്ടർ<br>പ്രിന്റർ<br>സ്കാനർ | 189200/-<br>57/18-12-18 | ജീസസ് കംമ്പ്യൂട്ടേഴ്സ് |

മേൽ വാങ്ങൽ നടപടികളിൽ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിന് വിധേയമാക്കണമെന്ന പ്രസക്തമായ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. പ്രൊക്വർമെന്റ് മാന്വലിന് വിരുദ്ധമായി തൻവർഷം നഗരസ ഭയിലെ വാങ്ങലുകൾ നടത്തിയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിലെ വാങ്ങലുകളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

2017-18 വർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

1- അംഗീകരിച്ച പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാഞ്ഞതിനാൽ ഫണ്ട് നഷ്ടപ്പെടുന്നു.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 158

പ്രോജക്ടുകൾക്കാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. ഇതിൽ 71എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളും 87 എണ്ണം പുതിയ പ്രോജക്ടുകളുമാണ് . ഇതിൽ തന്നെ സ്പിൽ ഓവർ പ്രോജക്ടുകളിൽ 61 എണ്ണത്തിലും പുതിയ പ്രോജക്ടുകളിൽ 60 എണ്ണത്തിലുമാണ് തൻ വർഷം ചെലവുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകളിൽ 10 എണ്ണം തൻവർഷം ചെലവില്ലാത്തതിനാൽ തുടർ വർഷത്തിൽ നടപ്പിലാക്കാൻ കഴിയാതെയും വരുന്നുണ്ട്. ഐ.കെ.എം ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം മേൽ പദ്ധതികൾക്കായി ആകെ 64963107 രൂപ വകയിരുത്തിയതിൽ 32642089 രൂപയേ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. (വകയിരുത്തിയ തുകയുടെ 50.24 % മാത്രം ) വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവഴിക്കാൻ കഴിയാത്തത് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 11033866 | 3660940 | 7372926 | 33.18 |
| എസ്.സി.പി | 3366111 | 709391 | 2656720 | 21.07 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9779181 | 5906576 | 3872605 | 60.39 |
| ലോകബാങ്ക് ധനസഹായം | 1234210 | 1148805 | 85405 | 93.08 |
| തനത് ഫണ്ട് | 22775041 | 13240617 | 9534424 | 58.136 |
| ജില്ലാപഞ്ചായത്ത് വിഹിതം (മുമ്പ് ഗ്രാമ പഞ്ചായത്തായിരുന്നപ്പോൾ ലഭിച്ചത് ) | 300000 | 300000 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11355773 | 5884935 | 5470838 | 51.82 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4300882 | 1790825 | 2510057 | 41.63 |
| മറ്റുള്ളവ | 818043 | - | - | - |

പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ വികസനഫണ്ട് പൊതുവിഭാഗത്തിൽ വിനിയോഗി ക്കാൻ കഴിയാത്ത ഇനത്തിൽ 7372926 രൂപയും എസ്.സി.പി ഇനത്തിൽ 2656720 രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 3872605 രൂപയും മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 5470838 രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനത്തിൽ 2510057 രൂപയും തൻവർഷം ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെട്ടു.

2 - ഭൂരിഭാഗം പ്രവൃത്തികളിലും സിങ്കിൾ ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ.

2017 - 18 വർഷം പൊതുമരാമത്ത് പ്രവൃത്തികളിൽ രണ്ട് എണ്ണത്തിലൊഴികെ ബാക്കി എല്ലാ പ്രവൃത്തികളിലും സിങ്കിൾ ടെണ്ടർ വഴിയാണ് കരാറുകാരെ തീരുമാനിച്ചിരിക്കുന്നത്. ഭൂരിഭാഗം പ്രവൃത്തികളും. 01% മുതൽ .05% കുറവ് നിരക്കുകളിലാണ് ടെണ്ടറുകൾ അംഗീകരിച്ചിരിക്കുന്നത്. ടെണ്ടർ നടപടികൾ പരിശോധിച്ചതിൽ ടെണ്ടർ/ റീടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും കരാറുകാർ സംഘടിതമായി വിട്ടുനിന്നതിനാൽ 15-12-17 തീയ്യതിയിൽ നടത്തിയ ടെണ്ടർ/റീടെണ്ടറിൽ ലഭ്യമായ ടെണ്ടറുകളിൽ എസ്റ്റിമേറ്റ് നിരക്ക് , എസ്റ്റിമേറ്റ് നിരക്കിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ള എല്ലാ സിംഗിൾ ടെണ്ടറുകളും 16-12-17 തീയ്യതിയിലെ കൗൺസിൽ തീരുമാനം 1(1) പ്രകാരം അംഗീകരിക്കുകയായിരുന്നു. മുനിസിപ്പാലിറ്റിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച മുഴുവൻ ടെണ്ടർ പരസ്യങ്ങളും ഒരു ദിനപത്രത്തിൽ മാത്രമാണ് പ്രസിദ്ധീക രിച്ചിരിക്കുന്നത്. കരാറുകാർ നിസ്സഹകരിച്ചിട്ടും ടെണ്ടറുകൾക്ക് വ്യാപക പ്രചാരം നൽകുന്നതടക്കമുള്ള നടപടികൾ ഒന്നും സ്വീകിച്ചിട്ടില്ല. ഇതിനാൽ തന്നെ തൻ വർഷം പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുലൂടെയും ആയത് മത്സരാധിഷ്ഠിതമായി നടത്തുന്നതിലൂടെയും നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന യാതൊരു സാമ്പത്തിക നേട്ടവും ലഭിച്ചില്ല.

3 - തൻ വർഷം അംഗീകരിച്ച ഭൂരിഭാഗം റോഡ് പ്രവൃത്തികളിലും ചെലവ് ടാർ വില നൽകൽ മാത്രം.

2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച 87 പ്രോജക്ടുകളിൽ തൻവർഷം ചെലവ് നടത്തിയിരിക്കുന്നത് 60 എണ്ണത്തിൽ മാത്രമാണ്. അവയിൽ തന്നെ ഭൂരിഭാഗവും പ്രവൃത്തികൾക്കാവശ്യമായ ടാർ വില കണക്കാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റൽ മാത്രമായി മാറി . ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | പിൻവലിച്ചതുക | ബിൽ നം/തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 272/18 | ചുങ്കം ചന്തക്കടവ് റോഡ് | 200000 | 60091 | 16/20.2.18 |
| 215/18 | മാത്തിൽപാലം ഓലശ്ശേരികടവ് റോഡ് | 200000 | 68874 | 82/14-3-18 |
| 168/18 | കൈതോലി പുറ്റക്കാട് പള്ളിക്രോസ് റോഡ് | 350000 | 89246 | 58/20-2-18 |
| 176/18 | അമ്പലപ്പടി സീക്കോസ് കള്ളി ത്തൊടി റോഡ് | 35000 | 87221 | 69/28-2-18 |
| 165/18 | അംബേദ്ക്കർ റോഡ് | 350000 | 11418<br>87465 | 72/28-2-18<br>57/20-2-18 |
| 199/18 | കാരാട്ടിയിൽ കുന്നത്ത്റോഡ് | 400000 | 106650 | 52/20-2-18 |

ബന്ധപ്പെട്ട മേഖലയിലെ പദ്ധതി രൂപീകരണത്തിനുശേഷം അതാത് വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഒഴികെയുള്ള അംഗങ്ങൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നും തൻവർഷം പദ്ധതി നിർവ്വഹണഘട്ടത്തിൽ ക്രിയാത്മകമായ ഇടപെടലുണ്ടായില്ല . പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവശ്യത്തിന് കരാറുകാരെ ലഭിക്കാതിരുന്നിട്ടും മേൽ വിഷയങ്ങളിൽ കൃത്യമായി ഇടപെട്ട് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും സമയബന്ധിതമായ ഇടപെടലും ഉണ്ടായില്ല. ആയതിനാൽ തൻവർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കൃത്യമായ ആസൂത്രണവും മേണിററിംഗും ഉണ്ടായില്ല എന്ന് കാണുന്നു.

മേൽ കാരണങ്ങളാലാണ് തൻ വർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാകാഞ്ഞതും അനുവദിച്ച ഫണ്ട് വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുന്നതിനിടയാക്കിയതെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

## 3-3 സ്പിൽ ഓവർ പദ്ധതികൾ തൻ വർഷം പൂർത്തികരിയ്ക്കുന്നില്ല

തൻ വർഷം അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ 26 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ് . ഇതിൽ 16 എണ്ണത്തിൽ മാത്രമേ ഓഡിറ്റ് വർഷം ചെലവുള്ളൂ. പതിമൂന്നാം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു പ്രോജക്ടിന്

അംഗീകാരം ലഭിക്കുകയും നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്താൽ മാത്രമേ അത് ഭരണ സമിതി തീരുമാനപ്രകാരം സ്പിൽ ഓവർ പ്രവൃത്തിയായി പരിഗണിക്കേണ്ടതുള്ളൂ. എന്നാൽ നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അത് സ്പിൽഓവർ പ്രോജക്ടായി ഭരണ സമിതിക്ക് പരിഗണിക്കാവുന്നതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ സ്പിൽ ഓവറായ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. എന്നാൽ തൻവർഷം ഒരു ലക്ഷത്തിനുമേൽ അടങ്കലിലുള്ള 7 പ്രോജക്ടുകൾ നിർവ്വഹണം ചെയ്യാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 104/18 | നന്മ അംഗൺവാടി രണ്ടാംഘട്ടം | 100000 | എസ്.സി.പി |
| 105/18 | ബസ്സ്സ്റ്റാറ്റ് ഇന്റർലോക്ക് | 300000 | തനത് ഫണ്ട് |
| 106/18 | ഓഫീസ് അനക്സ് നിർമ്മാണം പ്രാരംഭപ്രവർത്തനങ്ങൾ | 312150 | തനത് ഫണ്ട് |
| 124/18 | ചോയിത്തൊടി കോളനി നവീകരണം | 1486226 | തനത് ഫണ്ട് |
| 84/18 | കല്ലുംപാറ പുലിക്കുന്ന് റോഡ് | 186038 | മെയിന്റനെൻസ് ഫണ്ട് റോഡ് |
| 76/18 | മുനിസിപ്പൽ അനക്സ് കെട്ടിട നിർമ്മാണം | 1000000 | തനത് ഫണ്ട് |
| 69/18 | പട്ടാഞ്ചേരി ഇടവഴി റോഡ് | 103876 | തനത് ഫണ്ട് |

പ്രവൃത്തി ആരംഭിച്ചതും കരാർ വച്ചതുമായ പൊതുമരാമത്ത് പ്രവൃത്തികൾ കൃത്യമായ കാരണങ്ങളില്ലാതെ ഉപേക്ഷിക്കുന്നത് നഗരസഭയും കരാറുകാരും തമ്മിലുള്ള നിയമപ്രശ്നത്തിലേക്ക് നയിക്കുകയും ആയത് പിന്നീട് നഗരസഭയ്ക്ക് വൻസാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കുകയും ചെയ്യും. ആയതിനാൽ സ്പിൽ ഓവർ പദ്ധതികളായി തെരഞ്ഞെടുക്കുന്ന പ്രോജക്ടുകൾ അതാത് വർഷം തന്നെ പൂർത്തിയാക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തിമാത്രം അംഗീകാരം നൽകേണ്ടതാണ്. ആയത് ബന്ധപ്പെട്ട മരാമത്ത് സ്റ്റാറ്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 മാലിന്യം നീക്കംചെയ്യൽ - വാഹനം വാങ്ങൽ അപാകതകൾ.

പ്രോജക്ട് നമ്പർ – 18

അടങ്കൽ – 147105/- രൂപ

ചെലവ് – 109666/- രൂപ (ബിൽനം - 31/4-11-17- 93700/- രൂപ, ബിൽനം - 48/9-1-18- 15966/- രൂപ )

നിർവ്വഹണം – സെക്രട്ടറി.

2016-17 വർഷം ഫറോക്ക് നഗരസഭയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി TATA മോട്ടോഴ്സിൽനിന്നും 207 DI singular cab local body BSIV വാഹനം വാങ്ങുന്നതിനായി പ്രോജക്ട് നം - 231/17പ്രകാരം 629640/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം പ്രസ്തുത പിക്കപ്പിന്റെ പ്ലാറ്റ് ഫോം, ബോഡി എന്നീ ജോലികൾ പൂർത്തിയാക്കുന്നതിനായി Das industrial, ഫറോക്ക് എന്ന സ്ഥാപനത്തിന് 93700/- രൂപ അനുവദിക്കുന്നതിനും വാഹനത്തിന്റെ ഇൻഷൂറൻസ് ഇനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവായ 15966/- രൂപ റിക്കപ്പ് ചെയ്യുന്നതിനുമായി ആകെ 109666/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ പ്ലാറ്റ് ഫോം ജോലികൾ നടത്തുന്നത് സംബന്ധിച്ച് സ്ഥാപനം സമർപ്പിച്ച് ക്വട്ടേഷൻ രേഖകൾ, ബിൽ എന്നിവയും തുക കൈപ്പറ്റിയത് സംബന്ധിച്ച കൈപറ്റ് രസീത് എന്നിവയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പുതുതായി വാങ്ങിയ വാഹനത്തിന് പുറം ഏജൻസി വഴി 93700/- രൂപ ചെലവഴിച്ച് ഉപയോഗക്ഷമമാക്കേണ്ടി വന്നതിന്റെ സാംഗത്യം, ആവശ്യകത എന്നിവ ബന്ധപ്പെട്ട ആരോഗ്യ കാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചചെയ്യുകയോ, വാഹനം പരിഷ്കരിക്കുന്നതിന് സ്വീകരിച്ച ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ പരിശോധിച്ചുറപ്പിക്കേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ ചെലവ് തുക 93700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പ്ളാസ്റ്റിക്ക് ഷ്രെഡിങ്ങ് ആന്റ് ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കൽ - തുക നൽകിയതിന്റെ വിശദാംശങ്ങൾ ഇല്ല

പ്രോജക്ട് നമ്പർ – 155/18

അടങ്കൽ – 880000 (ധനകാര്യ കമ്മീഷൻഗ്രാന്റ്)

ചെലവ് – 880000 ( ബിൽ നം-39/10-1-18)

നിർവ്വഹണം – സെക്രട്ടറി

മുനിസിപ്പാലിറ്റിക്കു കീഴിലുള്ള വീടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക്

കൈമാറുന്നതിനും അല്ലാത്തവ ബെയ്ൽ ചെയ്ത് ഓപ്പറേറ്റിംഗ് പാർട്ട്ണർക്ക് കൈമാറുന്നതിനുമാണ് പ്രോജക്ട്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ഷ്രെഡ് ചെയ്യുന്നതിനുള്ള യന്ത്രത്തിന്റെ വിലയായി 880000/- രൂപ, മേൽ ട്രഷറി ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക പിൻവലിച്ചത് സംബന്ധിച്ച ബിൽ, തുക നൽകിയത് സംബന്ധിക്കുന്ന രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിർവ്വഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനിയു മായി കരാറിൽ ഏർപ്പെടുകയോ നാളിതുവരെയായി ഏജൻസി പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യന്ത്രം മുനിസിപ്പാലിറ്റിയിൽ സ്ഥാപിച്ചു നൽകുകയോ ചെയ്തിട്ടില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അഞ്ച് ലക്ഷം അടങ്കലിൽ മെറ്റീരിയൽ റിക്കവറി ഷെഡ് നിർമ്മാണം രണ്ടാം ഘട്ടം പ്രോജക്ട് (നം - 206/18) രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. ഇതിൽ നിന്നും മാലിന്യ സംസ്കരണകേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് നിർവ്വഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് ആന്റ് ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറിയത് എന്ന് കാണുന്നു. കൃത്യമായ കരാറിന്റെയും രേഖകളുടെയും അടിസ്ഥാനത്തിലല്ലാതെ പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റിനുള്ള വിലയായി കൈമാറിയ 880000/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 സ്ട്രീറ്റ് ലൈറ്റ് - വൈദ്യുതി ചാർജ്ജ് അടക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ച് കെ.എസ്.ഇ.ബിയിൽ അഡ്വാൻസായി തുക അടവാക്കി

പ്രോജക്ട് നം - 220/18

അടങ്കൽ തുക - 92010 (വികസനഫണ്ട്),

1552182 (റോഡിതര മെയിന്റനെൻസ് ഗ്രാന്റ്).

1644192

ചെലവ് - 92010 ( വികസനഫണ്ട്, ബിൽ നം-35/23-11-17)

891378 ( മെയിന്റനെൻസ് ഗ്രാന്റ് , ബിൽ നം-19/23-10-17)

നിർവ്വഹണം – സെക്രട്ടറി.

നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റുകളുടെയും ഘടകസ്ഥാപനങ്ങളുടെ വൈദ്യുതിചാർജ്ജ് അടവാക്കുന്നതിനുമാണ് മേൽ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി കടലുണ്ടി സെക്ഷനിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ 11/2017 മുതൽ 3/2018 വരെ ഉണ്ടാവാനിടയുള്ള കറണ്ട് ചാർജ്ജ് ഇനത്തിൽ 92010/- രൂപ വികസനഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ കടലുണ്ടി സെക്ഷന് അടവാക്കിയിട്ടുണ്ട് . 11/2017 മുതൽ 3/2018 വരെയുള്ള കാലത്തേക്കുള്ള ചെറുവണ്ണൂർ ഇലക്ട്രിക്ക് സെക്ഷനു കീഴിലെ കൺസ്യൂമർ നമ്പർ 15672,199925,7718 എന്നിവയുടെ സ്ട്രീറ്റ് ലൈറ്റുകളുടെ കറണ്ട് ചാർജ്ജ് ഇനത്തിൽ 419980 രൂപ ചെറുവണ്ണൂർ സെക്ഷനും, കെ.എസ്.ഇ.ബി രാമനാട്ടുകര സെക്ഷനിലെ കൺസ്യൂമർ നമ്പർ 20616, 29497, 3987, 24653,159 എന്നിവയുടെ 11/2017 മുതൽ 3/2018 വരെയുള്ള കാലത്തേക്കുള്ള കറണ്ട് ചാർജ്ജായി വരാനിടയുള്ള തുകയും 7/2017 മുതൽ 10/2017 വരെ കൺസ്യൂമർ നമ്പർ 29497, 159 എന്നിവ പ്രകാരമുള്ള അരിയർ തുകയായ 68053/- രൂപ അടക്കം 471398/- രൂപ രാമനാട്ടുകര സെക്ഷനും അടവാക്കിയിട്ടുണ്ട്. ഇതിൽ 92010/- രൂപ വികസനഫണ്ടിൽ നിന്നും , 891378/- രൂപ (419980+4713398) മെയിന്റനെൻസ് ഫണ്ട് നോൺ റോഡിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത് .

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനായി വികസനഫണ്ട് ഉപയോഗിച്ച് പ്രോജക്ട് നടപ്പിലാക്കാൻ പാടില്ലാത്തതാണ്. ആയത് ആവർത്തന ചെലവായതിനാൽ നഗരസഭയുടെ തനത് ഫണ്ട് വിനിയോഗിച്ച് വൈദ്യുതി ബിൽ ലഭിക്കുന്ന മുറക്ക് കണ്ടിജന്റ് ചെലവായാണ് നടത്തേണ്ടത്. കൂടാതെ തെരുവുവിളക്കുകളുടെ വൈദ്യുതിബിൽ ഇനത്തിൽ അഡ്വാൻസ് ആയി തുക ചെലവഴിക്കാൻ പാടില്ലാത്തതുമാണ്. വികസന ഫണ്ട് തെറ്റായ രീതിയിൽ ചെലവഴിച്ചത് ശരിയായ നടപടിയല്ല. അർഹമായ അനുമതിയുടെ അഭാവത്തിൽ ചെലവ് ചെയ്ത വികസന ഫണ്ട് 92010/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഇത്തരം ചെലവുകൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയം കൗൺസിലിന്റെ ശ്രദ്ധയിലും പെടുത്തുന്നു.

## 3-7 മാലിന്യ സംസ്കരണ യൂണിറ്റ് തുടർ പരിപാലനം -ജീവനക്കാരന് വേതനം നൽകുന്നതിനായി പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് – 13/18

അടങ്കൽ – 100000 (വികസനഫണ്ട്)

90000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

10000 (തനത് ഫണ്ട്)

200000 രൂപ

ചെലവ് – 58838 രൂപ ( വികസനഫണ്ട്)

നിർവഹണം – സെക്രട്ടറി

തൻവർഷം 200000/- രൂപ അടങ്കലിൽ തയ്യാറാക്കിയ മാലിന്യ സംസ്കരണയൂണിറ്റ് തുടർപരിപാലനം പ്രോജക്ടിൽ വകയിരുത്തി വികസനഫണ്ടിൽ നിന്നും 58838/- രൂപ ചെലവുണ്ട്. ചെലവ് രേഖകൾ പരിശോധിച്ചതിൽ മേൽ തുക ചെലവഴിച്ചിരിക്കുന്നത് ഫറോക്ക് മുനിസിപ്പാലിറ്റി മാലിന്യ സംസ്കരണ യൂണിറ്റ് ജീവനക്കാ രനായ മുഹമ്മദ് റാഫി എന്നയാൾക്ക് പ്രതിമാസം 12000 രൂപ യിനത്തിൽ 5 മാസത്തെ വേതനം നൽകിയ ഇനത്തിലും മറ്റ് പരിപാലന ചെലവുകൾക്കായുമാണ്. സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തീയ്യതി 3-04-17 ) ഖണ്ഡിക 12.2 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാവുന്നത് പ്രസ്തുത ഖണ്ഡിക പ്രകാരം ഇളവ് അനുവദിച്ച ഇനങ്ങൾക്ക് മാത്രമാണ്. മേൽ ഇനങ്ങളിൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ പരിപാലനം ഉൾപ്പെടുന്നില്ല. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഹരിതകേരളം മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വപ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിലായിരിക്കണം ആവിഷ്കരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കുള്ള വിഹിതം തദ്ദേശസ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്ന് ബജറ്റ് വകയിരുത്തലിലൂടെയാണ് നിർവ്വഹിക്കേണ്ടത്. നഗരസഭ ഇതുമായി ബന്ധപ്പെട്ട നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കേണ്ടതാണ്.

## **3-8** താൽക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

2017-18 വർഷം നഗരസഭയിൽ താൽക്കാലിക ജീവനക്കാരായി 2017-18 ന് മുമ്പ് നിയമിക്കപ്പെട്ടവരും 2017-18 വർഷം നഗരസഭയിൽ സേവനത്തിൽ തുടർന്നവരുമായ താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | നിയമനം അംഗീകരിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാന ത്തിന്റെ നമ്പറും തീയതിയും നിയമിക്കപ്പെട്ട തസ്തികയും | നിയമനം നടത്തുന്നതിന് നഗരകാര്യ ഡയരക്ടർ / സർക്കാർ അനുമതി നൽകിയ തിന്റെ വിവരം, അനുമതി നൽകിയ | നിയമനം നടത്തുന്ന തസ്തിക യിലെ ഒഴിവു വിവരം എംപ്ലോയ് മെന്റ് എക്സ്ചേ ഞ്ചിനെ അറിയി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തസ്തിക | ച്ചതിന്റെ/ മറുപടി ലഭിച്ച തിന്റെ വിവരം |
| 1 | ശ്രീ. കെ.ടി. ശരവണൻ, വാച്ച്മാൻ | പഞ്ചായത്ത് കാലം മുതൽ തുടർന്ന് വരുന്നതിനാൽ വിവരങ്ങൾ ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 2 | ശ്രീ. ഇ.അശോകൻ, ഡ്രൈവർ ( ചെയർപേഴ്സൺ ) | പഞ്ചായത്ത് കാലം മുതൽ തുടർന്ന് വരുന്നതിനാൽ വിവരങ്ങൾ ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 3 | ശ്രീ.മുഹമ്മദ് അബ്ദുൾ റഹ്മാൻ, ഡ്രൈവർ. | 31.10.2017ലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് യോഗത്തിലെ 1ാം നമ്പർ തീരുമാനം | ലഭ്യമല്ല. | ലഭ്യമല്ല. |
| 4 | ശ്രീ. മുഹമ്മദ് അബ്ദുൾ ജലീൽ, ബഡ്സ് സ്കൂൾ ഡ്രൈവർ | 6-9-10ലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് യോഗത്തിലെ 1(2)26ാം നമ്പർ തീരുമാനം | ലഭ്യമല്ല. | ലഭ്യമല്ല. |
| 5 | ശ്രീ.വേണുഗോപാലൻ, ലൈബ്രേറിയൻ | പഞ്ചായത്ത് കാലം മുതൽ തുടർന്ന് | ലഭ്യമല്ല. | ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | | വരുന്നതിനാൽ വിവരങ്ങൾ ലഭ്യമല്ല. | | |
| 6 | ശ്രീമതി. സ്മിത, ടീച്ചർ, ശിശുമന്ദിരം | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 7 | ശ്രീ. മുഹമ്മദ് റിന്ദൂഫ്, എഫ്.ടി.എസ് | 22-2-16 തീയ്യതയിലെ 7(6) കൗൺസിൽ നമ്പർ തീരുമാനം (ക്ലർക്ക്) | 9-3-16 തിയ്യതിയിലെ നഗരകാര്യ ഡയറക്ടറുടെ ഇ.2-6259/16 നമ്പർ ഉത്തരവ്. ( എഫ്.ടിഎസ് ) | ലഭ്യമല്ല. |
| 8 | ശ്രീ. അലി അക്ബർ, എഫ്.ടി.എസ് | 22-2-16 തീയ്യതയിലെ 7(17) നമ്പർ കൗൺസിൽ തീരുമാനം (ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ) | 9-3-16 തിയ്യതിയിലെ നഗരകാര്യ ഡയറക്ടറുടെ ഇ.2-6259/16നമ്പർ ഉത്തരവ്. ( എഫ്.ടിഎസ് ) | ലഭ്യമല്ല. |
| 9 | ശ്രീമതി. സറീന, ശിശുമന്ദിരം ഹെൽപ്പർ | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 10 | ശ്രീമതി. സുബൈദ, എഫ്.ടി.എസ് ( എൻ.എച്ച്.എം ) | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 11 | ശ്രീമതി. ഗീത, ബഡ്സ് സ്കൂൾ ടീച്ചർ | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 12 | ശ്രീമതി. നീതു, ബഡ്സ് സ്കൂൾ ടീച്ചർ | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 13 | ശ്രീമതി. ജിഷ, ബഡ്സ് സ്കൂൾ ആയ | ലഭ്യമല്ല. | ലഭ്യമല്ല. | ലഭ്യമല്ല. |
| 14 | ശ്രീ.കുഞ്ഞുമുഹമ്മദ്, ബസ്സ്റ്റാന്റ് ഫീ കലക്ടർ | 27-4-18 തീയ്യതിയിലെ | | |

| | | | | |
|---|---|---|---|---|
| | | 10 (1) നമ്പർ കൗൺസിൽ തീരുമാനം | | |

മേൽ പട്ടികയിലെ ക്രമനമ്പർ 7, 8 എന്നിവയുടെ കാര്യത്തിൽ കൗൺസിൽ നിയമനം നടത്തിയ തസ്തികകൾക്കല്ല നഗരകാര്യ ഡയരക്ടർ അനുമതി നൽകിയിരിക്കുന്നത്. താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവ പാലിക്കാതെയും ബന്ധപ്പട്ട അധികാരസ്ഥാനങ്ങളിൽ നിന്നും അനുമതി വാങ്ങാതെയും നഗരസഭയിൽ അനധികൃതമായി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന കാര്യം നഗരസഭയുടെ 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 ലും 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 ലും പരാമർശിച്ചിരുന്നതാണ്. ആയതിനു ശേഷം 2017-18 വർഷത്തിലും ഇത്തരത്തിലുള്ള നിയമനം നടത്തിയതിന് / നിയമിക്കപ്പെട്ടവർ തുടർന്നതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക കണക്ക് പ്രകാരം താത്കാലിക ജീവനക്കാരുടെ ശമ്പളത്തിൽ തൻവർഷം 1853785/- രൂപയാണ് ചെലവ് വരുന്നത്.

നഗരസഭയ്ക്ക് തനതു വരുമാനത്തിൽ മതിയായ മിച്ചമുണ്ട്. ഈ സാഹചര്യത്തിൽ നഗരസഭയ്ക്ക് കൂടുതൽ ജീവനക്കാരെ ആവശ്യമുള്ള പക്ഷം കൗൺസിൽ തീരുമാനമെടുത്ത് നഗരകാര്യ ഡയരക്ടർ / സർക്കാർ എന്നിവയിൽ നിന്നും അനുമതി വാങ്ങി കൂടുതൽ സ്ഥിരം ജീവനക്കാരെ നിയമിക്കാവുന്നതാണ്. ഇത്തരം നടപടികളുടെ അടിസ്ഥാനത്തിലല്ലാതെ നടത്തുന്ന ചെലവുകൾ അനധികൃതമായതിനാൽ ആയതിന്റെ ഉത്തരവാദിത്തം സെക്രട്ടറിക്കും കൗൺസിലിനുമാണ്.

## 3-9 <u>പങ്കാളിത്ത പെൻഷൻ പദ്ധതി - ജീവനക്കാരുടെ വിഹിതം ഈടാക്കി തുടങ്ങിയിട്ടില്ല.</u>

1-4-2013 നു ശേഷം പുതുതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായി അവരുടെ പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതുണ്ടെങ്കിലും ഫറോക്ക് നഗരസഭയിലെ 9 ജീവനക്കാരിൽ നിന്നും നാളിതുവരെയായി തുക ഈടാക്കിയതായി കാണുന്നില്ല. ആയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ജീവനക്കാരുടെ പെൻഷൻ വിഹിതം കുറവ് ചെയ്ത് അടവാക്കുന്നതിന് ആവശ്യമായ എൻ. പി. എസ് ( N.P.S ) അക്കൗണ്ട് തുടങ്ങുന്നതിന് നഗരകാര്യ ഡയരക്ടറിൽ നിന്നും ഡി. ഡി. ഒ രജിസ്ട്രേഷൻ, ഡി. ടി. ഒ നമ്പർ എന്നിവ ലഭ്യമാവേണ്ടതുണ്ട് എന്ന് കാണുന്നു. ഇക്കാര്യത്തിൽ നഗരകാര്യ ഡയരക്ടറുമായി കത്തിടപാടുകൾ നടക്കുന്നുണ്ടെങ്കിലും ഡി. ഡി. ഒ രജിസ്ട്രേഷൻ, ഡി. ടി. ഒ നമ്പർ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കാൻ വേണ്ട

നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജീവനക്കാരിൽ നിന്നും വലിയ തുക കുടിശ്ശികയായി ഈടാക്കേണ്ടി വരുന്നതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 അക്ഷര മധുരം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്ട് നമ്പർ – 30/17-18

നിർവഹണം – പ്രിൻസിപ്പാൾ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

ബിൽനം – 8/17-18/28-3-18

തുക – 1,00,000/- രൂപ

നഗരസഭയിൽ 2017-18 പദ്ധതിയുടെ ഭാഗമായി അക്ഷര മധുരം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ഹയർസെക്കന്ററി , എസ്സ്.എസ്സ്.എൽ.സി, വി.എച്ച്.എസ്.സി എന്നീ വിഭാഗത്തിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് റെമഡിയൽ ടീച്ചിങ്ങ് നൽകി പഠനനിലവാരം ഉയർത്തുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. പ്രസ്തുത പ്രോജക്ട് പ്രകാരം വി.എച്ച്.എസ്.സി വിഭാഗത്തിൽപ്പെട്ട 45 കുട്ടികൾക്ക് ക്ലാസ് നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 പച്ചക്കറി ഗ്രോബാഗ് വിതരണം - അപാകതകൾ

പ്രോജക്ട് നമ്പർ – 146/17-18

നിർവഹണം – കൃഷി ഓഫീസർ

ബിൽനം – 6/17-18/28-3-18

തുക – 84,000/- രൂപ

നഗരസഭയിൽ 2017-18 പദ്ധതിയുടെ ഭാഗമായി പച്ചക്കറി ഗ്രോബാഗ് വിതരണം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി കാർഷിക കർമ്മസേന കടലുണ്ടിയിൽനിന്നും ഗ്രോബാഗ് വാങ്ങുകയും പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 10 എണ്ണം വീതം 140 ഗുണഭോക്താക്കൾക്ക് ഗ്രോബാഗുകൾ വിതരണം ചെയ്യാനായിരുന്നു പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഗുണഭോക്താക്കൾക്ക് ഗ്രോബാഗുകൾ വിതരണം ചെയ്തതിന്റെ

രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ഗ്രോബാഗുകൾ മുഴുവൻ ഗുണഭോക്താക്കൾക്കും വിതരണം ചെയ്തിട്ടില്ല എന്നു കാണുന്നു. ഈ പ്രോജക്ടിന്റെ മോണിറ്ററിങ്ങ് കൃത്യമായി നടന്നില്ല എന്നു കാണുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,22,26,283 |
| തൻവർഷം നിക്ഷേപിച്ച തുക | 9,00,000 |
| ആകെ | 1,31,26,283 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 22,26,283 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,09,00,000 |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫറോക്ക് സർവീസ് സഹകരണ ബാങ്ക് | 15.2.2017 | - | 1,09,00,000 | രശീതി നമ്പർ - 430000047622 തീയതി - 15.2.2017 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുമ്പ് ഗ്രാമപഞ്ചായത്തായിരുന്ന കാലത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2000-01 | 102,108 | കെട്ടിട വാടക കുടിശ്ശിക | |
| 1999-2000 | 39 ഇ, 39 ജി | 2003-04 | 11(9), 105 | ഫറോക്ക് ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് പണിയിൽ നഷ്ടം | |
| 2000-01 | 19 | 2003-04 | 11.13.2.5 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുത്തിയില്ല | |
| 1999-2000 | 51 | 2003-04 | 11.13.5.10.113 | മൈത്രി ഭവന പദ്ധതി | |

| | | | | | |
|---|---|---|---|---|---|
| 1999-2000 | - | 2003-04 | 11.13.7.16.116 | നികുതി പിരിവിൽ അലംഭാവം | |
| 1999-2000 | - | 2003-04 | 11.14 | പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | |
| 2000-01 | - | 2003-04 | 11.14.119 | ആയുർവേദാശുപത്രി വികസനം , 2000-01 വർഷത്തെ റോഡ് ടാറിംഗ് | |
| 2001-02 | - | 2003-04 | 11.14.119 | ലക്ഷംവീട് – ചെനക്കൽ റോഡ് പരിഷ്ക്കരണം | |
| 2000-01 | 3-7 | 2005-06 | 2.70.1.10.4 | വെള്ളക്കരം | |
| 2001-02 | 2-11 | 2005-06 | 2.70.1.10.7 | വെള്ളക്കരം | |
| 2001-02 | 2-1 എ,ബി,സി | 2005-06 | 2.70.1.11.15 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | |
| 2001-02 | 2-3 | 2005-06 | 2.70.1.12.5 | ഗ്രാമസഭ | |
| 2000-01 | 2-3, 2-4 | 2005-06 | 2.70.1.13.6 | തനത് വരവ് കാലഹരണപ്പെട്ടു | |
| 2001-02 | - | 2005-06 | 2.70.1.14.24 | നികുതി പിരിവ് അലംഭാവം | |
| 2007-08 | 3-1 | 2011-12 | 4.18 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 13,16, 23 | ശ്രീ. വി. സുധാകരൻ, സെക്രട്ടറി | LF.12553/ SPL.CELL/ SC.4/2000 Dt. 29.11.01 | 3447 | - | - | | - | - | 3447 | |
| 2 | 2000-01 | 9(1), 10 ബി, സി, 11 | ശ്രീ. പി. ദയാനന്ദൻ, AE, LSGD | LF.16204/ SPL.CELL/ SC.5എ/04 Dt.19.8.06 | 18938 | - | - | | - | - | 18938 | |
| 3 | 2001-02 | 7,13 | ശ്രീ. ആർ. മധുസൂദനൻ നായർ, സെക്രട്ടറി | LF.17591/ SPL.CELL/ SC.5/04 Dt.4.7.06 | 67527 | - | - | | - | - | 67527 | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 153524369 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 152295798 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1065710 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 93,700 | ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ ( സെക്രട്ടറി ഇൻ ചാർജ്ജ് ) |
| 3-5 | 8,80,000 | ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ ( സെക്രട്ടറി ഇൻ ചാർജ്ജ് ) |
| 3-6 | 92010 | ശ്രീമതി.പി.ജെ.ജസിത (സെക്രട്ടറി) |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ (സെക്രട്ടറി ഇൻ ചാർജ്ജ്) | അസിസ്റ്റന്റ് എഞ്ചിനീയർ, ഫറോക്ക് നഗരസഭ | ഉത്രം (ഹൗസ്) ഈരേഴവടക്ക് ചെട്ടികുളങ്ങര പി.ഒ മാവേലിക്കര, ആലപ്പുഴ – 690106 |
| ശ്രീമതി.ജസിത.പി.ജെ (സെക്രട്ടറി) | സെക്രട്ടറി പയ്യോളി നഗരസഭ | ഗോപിക പന്തലായനി കൊയിലാണ്ടി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി/ പി.2/1485/13(01) 11.11.13 | 6 | 13,14,16,22,23,24 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(02)/ 11.11.13 | 1 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(01)/ 11.11.13 | 12 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(03)/ 11.11.13 | 2 | 28,51 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(4)/ 11.11.13 | 9 | 7,8,12,13,14,15,17, 18,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(5)/ 11.11.13 | 2 | 28,59 |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(06)/ 11.11.13 | 4 | 2-1,2-11,2-13,3-8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(7)/ 11.11.13 | 12 | 2-1,2-2,2-6,2-7,3-1,3-3, 3-5, 3-6,3-7,3-8,3-9, 3-10,3-20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(08)/ 11.11.13 | 4 | 2-1,3-1,3-9,3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(09/ 11.11.13 | 16 | 2-1,2-2,2-3,2-4,3-1, 3-2,3-4,3-5,3-6,3-8,3-9, 3-10,3-11,3-12,3-13, 3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12 04.05.2012 | 22 | 2-2,2-3,2-4,2-5,2-6,2-8, 3-2,3-3,3-4,3-5,3-6,3-7 3-8,3-9,3-10,3-11,3-12, 3-13,3-14,3-15,3-16, 3-17,3-18 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12 04.05.2012 | 14 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി2/842/13(06) /15.07.2013 | 25 | 2-1,2-2,2-3,2-4,2-5, 2-6,2-7,2-8,2-9,2-10, 2-11,2-12,2-13,2-14, 2-15,2-16,2-17,2-18, 2-19,2-20,2-21,2-22 3-1,3-2,3-3,3-4,3-5, |

| | | | |
|---|---|---|---|
| | | | 3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14, 3-15,3-16,3-17,3-18, 3-19,3-20,3-21,3-22, 3-23,4-6 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി2/1782/11 20.01.2012 | 35 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി2/1443/13 25.10.13 | 38 | 1-4,2-1,2-3,2-4, 2-8,2-9,2-10, 2-11,2-12,2-13,2-14, 3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11, 3-12,3-13,3-14,3-15, 3-18,3-19,3-20,3-21, 3-22,3-23,3-24,3-25, 3-26,3-28,3-29, 3-30,4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി2/1244/ 14 11.06.2014 | 21 | 2-5,2-6,2-7,2-8,2-9, 2-11,2-12,3-1,3-2,3-3, 3-4,3-5,3-6,3-7,3-8,3-9, 3-10,3-11,3-12,3-13,3-14 |
| 2011-12, | എൽ.എഫ്.കെ.കെ.ഡി/ പി2/394/14 | 32 | 2-1,2-2,2-3,2-4,2-5,3-1, |

| | | | |
|---|---|---|---|
| 2012-13 | 16.07.2014 | | 3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12, 3-13,3-14,3-15,3-16,3-17, 3-18,3-19,3-21,3-22,3-23, 3-24,3-25,4-1,4-5,4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി.2/2024/15, 05.01.2016 | 23 | 2-2,2-4,2-5,2-7,2-8, 3-1,3-3,3-5,3-6,3-7 3-8, 3-9, 3-11,3-12, 3-13,3-14,3-16,3-18, 3-19,3-20,3-21, 3-22, 3-23 |
| 2015-16 പഞ്ചായത്ത് | കെ.എസ്.എ.കെ.കെ.ഡി/ പി.14/799 /2017, 30. 01.2017 | 10 | 2-1, 2-2, 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി.14/124 /2017, 30. 01.2017 (01-11.15-31.3.2016) | 30 | 2-1,2-2,2-3,2-4,2-5,2-6, 2-7,2-8,2-9,2-10,2-11, 2-12,2-13,3-1,3-2,3-3, 3-4,3-5,3-7,3-8,3-9,3-10, 3-11,3-12,3-13,3-14, 3-15,3-16,3-17,3-18, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി.14/1691/2017, 22.08.2017 | 22 | 2-1,2-2,2-3,2-4,2-5,2-6, 2-7,2-8,3-1,3-2,3-3,3-4, 3-5,3-6,3-7,3-9,3-10, 3-11,3-12,3-15, 3-16,3-17 |

| | | | |
|---|---|---|---|
| | | | |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി.14/2287/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:21.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഫറോക്ക് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്